ONATTUKARA COCONUT PRODUCER COMPANY LTD.
CIN: U01133KL2015PTC037897
AN ISO 9001:2015 22000:2018 Certified Company
VETTICODE, PALLICKAL P.O, KATTANAM, ALAPPUZHA, KERALA. PIN 690 503
web: onattukaracpc.com, email: onattukaracpc@gmail.com Ph : 0479 2339911

## 7 -മത് വാർഷിക പൊതു യോഗം(11.08.2021)

## ഡയറക്ടർസ് റിപ്പോർട്ട്.

പ്രിയ സുഹൃത്തുകളെ, ഓഹരി ഉടമകളെ!

ഓണാട്ടുകര നാളികേര ഉത്പാദക കമ്പനിയുടെ 7 -മത് വാർഷിക പൊതു യോഗത്തിലേക്ക് ഏവർക്കും അകമഴിഞ്ഞ സ്വാഗതം. കഴിഞ്ഞ 2 വർഷങ്ങളായി നമ്മുടെ നാടും ലോക ജനത ഒന്നാകെയും അനുഭവിച്ചുവരുന്ന ദുരിതവും ദുഖവും സാമ്പത്തിക ക്ലേശവും വിവരിക്കാൻ ഈ ഡയറക്ടർ ബോർഡ് സമയമെടുക്കുന്നില്ല .കഴിഞ്ഞ സാമ്പത്തിക വർഷം (2020 -21)എല്ലാവരെയും നേരിൽ കാണാമെന്നും സ്ഥിതിഗതികൾ മെച്ചപെടുമെന്നും പ്രതീക്ഷിച്ചത് നടപ്പിലാക്കാൻ സാധിക്കാത്തതിൻറെ വ്യസനം തുടക്കത്തിൽ തന്നെ രേഖപെടുത്തട്ടെ! എല്ലാ മേഖലകളിലുമെന്ന പോലെ കമ്പനിയുടെ പ്രവർത്തനങ്ങളെയും ഈ ഭീകരാവസ്ഥ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ എല്ലാ പ്രതികൂല ഘട്ടങ്ങളെയും തരണം ചെയതു കൊണ്ട് കമ്പനി പ്രവർത്തനങ്ങൾ പരമാവധി കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്.

സാധാരണയിൽനിന്നു വിഭിന്നമായി 7 -മത് പൊതുയോഗം ഓഗസ്റ്റിൽ തന്നെ നടത്തുന്നതിന്റെ കാരണം വ്യക്തമാക്കാം. ഓഗസ്റ്റ് മാസത്തോടെ ഡയറക്ടർ ബോർഡിലെ അംഗ ബലം 5 ൽ താഴെയാകും.അപ്പോൾ ഡയറക്ടർ ബോർഡിന് സാധുതയില്ല. അതിനാൽ പുറത്തുനിൽക്കുന്ന ഡയറക്ടർമാരെ പുനർനിയമിച്ചു കൊണ്ട് മിനിമം അംഗ സംഖ്യ നില നിർത്തേണ്ടതുണ്ട്. അതിനാൽ 6 അംഗങ്ങളുടെ നിയമനം സംബന്ധിച്ച അജണ്ടയും അംഗങ്ങളുടെ അനുമതിക്കായി ഈ പൊതുയോഗത്തിൽ ഉൾപ്പെടുത്തിടുണ്ട്.

കഴിഞ്ഞ വർഷം കമ്പനി 251 മെട്രിക് ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിച്ചു വില്പന നടത്തി. 2019 -20 ൽ ഇത് 141 ടണ്ണും, 2018 -19 ൽ 75 ടണ്ണുമായിരുന്നു. കേരള സർക്കാർ സംരംഭമായ മാർക്കറ്റ് ഫെഡിന് 'കേരജം 'ബ്രാൻഡിൽ 151 മെട്രിക് ടൺ വെളിച്ചെണ്ണ നൽകി.മൂല്യവർധിത ഉത്പന്നങ്ങളുടെ വില്പനയെ കോവിഡ് പ്രതിസന്ധി കാര്യമായി ബാധിച്ചു. 2020-21 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 4.15 കോടി രൂപയാണ്. ഇത് 2019-20 ൽ 2.86 കോടി രൂപയും 2018-19 ൽ 2 കോടി രൂപയും ആയിരുന്നു. ഓണാട്ടുകര ഉത്പന്നങ്ങളുടെ പ്രിയ മേറുന്നുവെന്നതാണ് ഇതിൽനിന്നും മനസിലാക്കേണ്ടത്.പക്ഷെ കമ്പനിക് ഇനിയും ധാരാളം മുന്നോട്ട്

Scanned by CamScanner

ONATTUKARA COCONUT PRODUCER COMPANY LTD.
CIN: U01133KL2015PTC037897
AN ISO 9001:2015 22000:2018 Certified Company
VETTICODE, PALLICKAL P.O, KATTANAM, ALAPPUZHA, KERALA. PIN 690 503
web: onattukaracpc.com, email: onattukaracpc@gmail.com Ph : 0479 2339911

പോകാനുണ്ട്.ഇപ്പോഴുംപ്രവർത്തനക്ഷമതപൂർണമായും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല . ഇത് 70 ശതമാനത്തിന് മുകളിലെങ്കിലുമെത്തണം. പ്രവർത്തന മൂലധനത്തിന്റെ അഭാവമാണിതെന്നും കാരണം.

കമ്പനി യുടെ 2020-21 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 12.988 ലക്ഷം രൂപയുടെ നഷ്ട്ടമാണ് കാണിക്കുന്നത്. അതിനു പ്രത്യേക കാരണം കോവിഡ് ലോക്ക്ഡൗണിന്റെ പ്രത്യാഘത മാണിതെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. നമ്മുടെ പ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്ന പോലെ ലാഭം നേടിത്തരുന്നില്ല . നാളികേരത്തിന്റെയും കൊപ്രയുടെയും വൻ വില വർദ്ധനവാണിതിനു കാരണം, തന്നെയുമല്ല , വളരെ വില കുറവിൽ മായം കലർന്നതും ഗുണമേന്മയില്ലാത്തതുമായ വിവിധ ബ്രാൻഡുകളിലെ എണ്ണ വിപണിയിൽ സുലഭമായി ലഭിക്കുന്നത് നമ്മുക്ക് തിരിച്ചടിയാകുന്നു.എന്നിരുന്നാലും നമ്മുടെ പ്രവർത്തനങ്ങൾ യാതൊരു വിട്ടു വീഴ്ചയും കൂടാതെ അനസ്യൂതം തുടരും. കമ്പനിയുടെ ലാഭ വിഹിതം വർധിപ്പിക്കാനുള്ള ഒരു സംരംഭമെന്ന നിലക്ക് ഒരു തെങ്ങിൻ തൈ നഴ്സറി തുടങ്ങനായി സ്ഥലം കണ്ടിട്ടുണ്ട് . 16000 വിത്തു തേങ്ങാ തുടക്കത്തിൽ പകനാണ് ഉദ്ദേശിക്കുന്നത് . ഗുണമേന്മയുള്ള തൈകൾക്ക് ആവശ്യക്കാരേറെയുള്ളതു കൊണ്ട് CPS / CPF കൾക്ക് തൈകൾ ന്യായമായ വിലക്ക് നൽകാനാകും. കമ്പനി മുന്നോട്ടു പോകുന്നതിൽ ഓരോ ഓഹരി ഉടമകളുടെയും സഹകരണം നിസ്സീമമാണ്..

എല്ലാവരുടെയും സഹായ സഹകരണങ്ങൾ കാംക്ഷിച്ചു കൊണ്ട് നിർത്തട്ടെ!. ഈ അവസരത്തിൽ കമ്പനിയുടെ ഓരോ ഓഹരി ഉടമകളോടും മറ്റു കർഷക സുഹൃത്തുക്കളോടുമുള്ള നന്ദിയും കടപ്പാടും രേഖപെടുത്തുന്നു .കമ്പനിയുമായി പ്രത്യക്ഷമായും പരോക്ഷമായും സഹകരിക്കുന്ന ,സഹായിക്കുന്ന എല്ലാ ഗവണ്മെന്റ് ഗവണ്മെന്റിതര സ്ഥാപനങ്ങളോടും, കമ്പനി സെക്രട്ടറിമാരോടും(ABP&Associates) കമ്പനി ചാർട്ടേർഡ് അക്കൗണ്ട്സ്നോടും ( GSP & Company ) ഇതിന്റെ സ്ഥലം ഉടമയോടും എല്ലാ മാന്യ ഉപഭോക്താക്കളോടും കടപ്പാടും നന്ദിയും ഞങ്ങൾ രേഖപെടുത്തിക്കൊള്ളട്ടെ ! കോവിഡ് നിയന്ത്രങ്ങൾ നീങ്ങിയാലുടൻ ഞങ്ങൾ തീർച്ചയായും നിങ്ങളെ നേരിട്ടകാണുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമെന്ന ഉറപ്പും ഇതോടൊപ്പം നൽകുന്നു.

**ഡയറക്ടർ ബോർഡ്**

1. കറ്റാനം ഷാജി ( കെ എസ് അലക്സാണ്ടർ )
2. വി സദാശിവൻ
3. എം പി വിഹാർ അജയകുമാർ
4. ബാബുരാജ് എസ്
5. ലളിതാംബ എ

For Onattukara Coconut Producer Company

Dr. Remany Gopalakrishnan
CEO
Onattukara Coconut Produucer Company ltd
Vetticode. Kattanam,
Pallickal P.O. Pin: 690503, Alappuzha (Dist)

ONATTUKARA COCONUT PRODUCER COMPANY
Reg. No. U01133KL2015PTC037897

Scanned by CamScanner